# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 970

20/03/2012 ൽ
മറുപടിക്ക്

**അദ്ധ്യാപക ബാങ്ക് രൂപീകരണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ പാക്കേജിന്റെ ഭാഗമായ 'അദ്ധ്യാപക ബാങ്ക്' രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) അദ്ധ്യാപക ബാങ്ക് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) അദ്ധ്യാപക ബാങ്കിന്റെ പേരിൽ അദ്ധ്യാപക നിയമനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് പുതിയ നിയമനങ്ങൾ നടത്തി സാമ്പത്തിക ലാഭം ഉണ്ടാക്കാൻ സ്വകാര്യ സ്കൂൾ മാനേജർമാർക്ക് സഹായകരമാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അദ്ധ്യാപക ബാങ്ക് രൂപീകരണത്തിലൂടെ അദ്ധ്യാപക നിയമനത്തിന് യാതൊരു നിയന്ത്രണവുമേർപ്പെടുത്തിയിട്ടില്ല. 2011-12 വർഷത്തിൽ അഡീഷണൽ തസ്തികകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകാത്തത്, UID പ്രകാരം കുട്ടികളുടെ കൃത്യമായ കണക്കെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിന് വേണ്ടിയാണ്. റഗുലർ തസ്തികയിലെ നിയമനത്തിന് നിലവിൽ യാതൊരു നിയന്ത്രണവുമില്ല. |
| (സി) അദ്ധ്യാപക ബാങ്ക് രൂപീകരണം നടക്കാതായതോടെ പുനഃക്രമീകരിക്കപ്പെട്ട അനുപാതത്തിൽ തസ്തികയുടെ അനുമതിക്ക് കാത്തിരിയ്ക്കാതെ തന്നെ മാനേജർമാർ നിയമനങ്ങൾ നടത്തി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) UID അനുസരിച്ച് കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് തസ്തിക നിർണ്ണയം നടത്തിയതിനുശേഷം മാത്രം പുനഃക്രമീകരിയ്ക്കപ്പെട്ട അനുപാത പ്രകാരമുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുകയുള്ളു. |

സെക്ഷൻ ഓഫീസർ